**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **10-02-2025 - ൽ മറുപടിയ്ക്ക്**

**ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്താനുണ്ടായ കാരണം വിശദമാക്കുമോ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെക്കുറിച്ച് (KMSCL) ഉയർന്നു വന്ന ആരോപണങ്ങൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തണമെന്ന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രി HEALTH-B3/312/2021-HEALTH നമ്പർ ഫയലിൽ ആവശ്യപ്പെട്ടതു പ്രകാരമാണ് ധനകാര്യ പരിശോധനാ വിഭാഗം KMSCL ൽ പരിശോധന നടത്തിയത്. |
| (ബി) | ആരോഗ്യ വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം ആരോഗ്യ വകുപ്പ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണോ ഇപ്രകാരം അന്വേഷണം നടന്നതെന്ന് അറിയിക്കുമോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെക്കുറിച്ച് (KMSCL) ഉയർന്നു വന്ന ആരോപണങ്ങൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തണമെന്ന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രി HEALTH-B3/312/2021-HEALTH നമ്പർ ഫയലിൽ ആവശ്യപ്പെട്ടതു പ്രകാരമാണ് ധനകാര്യ പരിശോധനാ വിഭാഗം KMSCL ൽ പരിശോധന നടത്തിയത്. |
| (സി) | പ്രസ്തുത അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | പരിശോധന പൂർത്തിയാക്കുകയുണ്ടായി. പരിശോധനാ വേളയിൽ നൽകിയ അമ്പതോളം അന്വേഷണക്കുറിപ്പുകൾക്ക് KMSCL അധികൃതർ ലഭ്യമാക്കിയ മറുപടികളും പരിശോധനാ വേളയിൽ അന്വേഷണ സംഘം ശേഖരിച്ച ബൃഹത്തായ വിവരങ്ങളും വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ